**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1198** **02-02-2026 - ൽ മറുപടിയ്ക്ക്**

**കൊല്ലം മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ പദ്ധതി-പദ്ധതിയേതര വിഭാഗങ്ങളിലായി ഭരണാനുമതി ലഭിച്ചതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ പദ്ധതി/ പദ്ധതിയേതര വിഭാഗങ്ങളിലായി ഭരണാനുമതി നൽകിയതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനു കീഴിൽ പദ്ധതി-പദ്ധതിയേതര വിഭാഗങ്ങളിലായി ഭരണാനുമതി ലഭിച്ചതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികൾ**

**I. തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതി**

| ക്രമ നം. | പ്രവൃത്തികളുടെ പേര് | ഭരണാനുമതി തുക (ലക്ഷം) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ആശ്രാമം ക്ഷേത്രം മുതൽ ഓലയിൽകടവ് വരെയുള്ള റോഡ് | 6.2 | മറ്റൊരു ഏജൻസി പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | QSS കോളനിയിലെ ഇന്റേണൽ റോഡുകളുടെ നവീകരണം | 53 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | മാട്ടേനട - റോഡ് കടവ് കായൽവാരം റോഡ് | 53 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | കൊല്ലം നിയോജകമണ്ഡലത്തിലെ കാവൽ ജംഗ്ഷൻ മുതൽ ബിഷപ്പ് ഹൗസ് വരെയുള്ള റോഡ് നിർമ്മാണ പ്രവൃത്തി | 75.4 | പ്രവൃത്തി പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| 5 | തൃക്കരുവ ഗ്രാമപഞ്ചായത്തിലെ കരുവ മുതൽ അഷ്ടജലറാണി വരെയുള്ള റോഡിന്റെ നിർമ്മാണം | 66 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 6 | പനയം പഞ്ചായത്തിലെ കുമ്മായപ്പുര - വള്ളംകുന്നത്ത് താഴതിൽ റോഡിന്റെ പുനരുദ്ധാരണം | 72 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 7 | തൃക്കരുവ ഗ്രാമപഞ്ചായത്തിലെ അഷ്ടമുടി സംഘകടവ് വാഴേൽ മുക്ക് റോഡിന്റെ പുനരുദ്ധാരണം | 127.6 | പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 8 | തൃക്കരുവാ പഞ്ചായത്തിലെ കുരീപ്പുഴ പള്ളി തെക്കരുവത്ത് കായൽവാരം റോഡിന്റെ പുനരുദ്ധാരണം | 126.6 | പഞ്ചായത്തിൽ നിന്നും അലൈൻമെന്റ് ഫിക്സ് ചെയ്ത് ലഭ്യമാകാത്തതിനാൽ സാങ്കേതികാനുമതി നൽകാൻ സാധിച്ചിട്ടില്ല. |
| 9 | കൊച്ചുപിലാമൂട് തങ്കശ്ശേരി തീരദേശ റോഡ് | 166 | ദർഘാസ് നടപടികൾ സ്വീകരിച്ചു വരുന്നു. |

KRK

## II. പോർട്ട് പ്രവൃത്തികൾ

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പ്രവൃത്തിയുടെ നിലവിലെ അവസ്ഥ |
|---|---|---|
| 1 | പള്ളിത്തോട്ടം ഉറമുഖ ഗോഡൗണിന്റെ അടിയന്തര അറ്റകുറ്റപ്പണി | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | കൊല്ലം ഉറമുഖത്ത് കവാടം മുതൽ വാർഫിന്റെ അവസാനം വരെ ഇടിഞ്ഞു വീണ കോമ്പൗണ്ട് വാളിന്റെ പുനർനിർമാണം | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | കൊല്ലം ഉറമുഖം- കൊല്ലം ഉറമുഖത്ത് നിലവിലുള്ള കോമ്പൗണ്ട് വാളിന്റെ മുകളിലൂടെ കമ്പിവേലി സ്ഥാപിക്കൽ. | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | കൊല്ലം ഉറമുഖം - ഇന്റേണൽ റോഡിന്റെ നവീകരണം, കൊല്ലം ഉറമുഖത്തിനുള്ളിൽ നടപ്പാത സ്ഥാപിക്കൽ | പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | കൊല്ലം പോർട്ട് - ഫെസിലിറ്റേഷൻ സെന്ററിന്റെ പുനരുദ്ധാരണം | പ്രവൃത്തി പുരോഗമിക്കുന്നു.. |
| 6 | കൊല്ലം പോർട്ട് - ഒബ്സർവേഷൻ ടവറിന്റെ നിർമ്മാണം | കരാറിൽ ഏർപ്പെട്ടു |
| 7 | പോർട്ട് ഓഫീസിന് സമീപമുള്ള 1&2 ഗോഡൗണിന്റെ അടിയന്തര അറ്റകുറ്റപ്പണികൾ | പ്രവൃത്തി ആരംഭിച്ചിട്ടില്ല. പോർട്ട് വകുപ്പ് ഗോഡൗണിൽ നിന്ന് സ്റ്റോക്കുകൾ ക്ലിയർ ചെയ്ത് നൽകാത്തതിനാൽ പ്രവൃത്തി ക്ലോസ് ചെയ്തു. |

III. നബാർഡ് പദ്ധതികൾ

| | | |
|---|---|---|
| 1 | നബാർഡ് - ആർ.ഐ.ഡി.എഫ് 26 തങ്കശ്ശേരി ഫിഷറി ഹാർബറിലെ അധിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തി | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | നബാർഡ് - ആർ.ഐ.ഡി.എഫ് 30 - തങ്കശ്ശേരി മെയിൻ ബ്രേക്ക് വാട്ടറിന്റെ ചെയിനേജ് 0 മുതൽ 750 മീറ്റർ വരെ ബലപ്പെടുത്തുന്ന പ്രവൃത്തി | പ്രവൃത്തി പുരോഗമിച്ചു വരുന്നു. |

IV. സംസ്ഥാന പ്ലാൻ പദ്ധതികൾ

| | | |
|---|---|---|
| 1 | തങ്കശ്ശേരി ഫിഷറി ഹാർബർ - വാടി ഭാഗത്തെ ഡ്രെയിൻ നിർമ്മാണവും ലോക്കർ റൂമുകളുടെ അറ്റകുറ്റപ്പണികളും | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | തങ്കശ്ശേരി ഫിഷറി ഹാർബർ - ലോക്കർ റൂമുകളുടെ മുൻവശത്ത് ഇന്റർലോക്ക് പാകുന്ന പ്രവൃത്തി | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | തങ്കശ്ശേരി ഫിഷിംഗ് ഹാർബറിലെ ബേസിൻ ഡ്രഡ്ജിംഗ് | ദർഘാസ് നടപടികൾ പൂർത്തീകരിച്ച് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 4 | തങ്കശ്ശേരി ഫിഷറി ഹാർബറിൽ വുമൺ ഷെൽട്ടർ നിർമ്മിക്കുന്ന പ്രവൃത്തി | കരാറിൽ ഏർപ്പെട്ടു |